**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:177** **25.04.2017-ൽ മറുപടിക്ക്**

**ആരാധനാലയങ്ങളിലെ ആയുധ പരിശീലനം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. പി. കെ. അബ്ദു റബ്ബ് | | ശ്രീ. പിണറായി വിജയൻ<br>( മുഖ്യമന്ത്രി) |
| (എ) | ആരാധനാലയങ്ങളിലെ ആയുധ പരിശീലനവും, ചില ഫാസിസ്റ്റ് മാഫിയ സംഘങ്ങൾ ആരാധനാലയങ്ങൾ പിടിച്ചെടുത്ത്, വൻ വർഗ്ഗീയ കലാപം നടത്താൻ ഇടയുണ്ടെന്ന റിപ്പോർട്ടുകൾ ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ എന്തെല്ലാം മുൻ കരുതലുകൾ സ്വീകരിച്ചുവരുന്നു; | (എ) | ഇത്തരത്തിലുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വർഗ്ഗീയ സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ പോലീസിന്റെയും രഹസ്യാന്വേഷണ വിഭാഗത്തിന്റെയും നിരീക്ഷണവും പോലീസ് പട്രോളിംഗും ശക്തമാക്കിയിട്ടുണ്ട്. രഹസ്യ വിവരങ്ങൾ ശേഖരിച്ചും മത സൗഹാർദ്ദ യോഗങ്ങൾ നടത്തിയും കുറ്റകൃത്യങ്ങൾക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചും ആവശ്യമായ മുൻകരുതലുകൾ സ്വീകരിച്ച് വരുന്നുണ്ട്. |
| (ബി) | ഫാസിസ്റ്റ് ഭീകരപ്രവർത്തനം സംസ്ഥാനത്ത് നാളിതുവരെ നിലനിൽക്കുന്ന സമാധാന അന്തരീക്ഷത്തിന് ഉണ്ടാക്കിയേക്കാവുന്ന ഗുരുതര പ്രത്യാഘാതങ്ങൾ ഗൗരവമായി കണക്കിലെടുത്തിട്ടുണ്ടോ; | (ബി) | ക്രമസമാധാന ഭംഗമുണ്ടാക്കിയേക്കാവുന്ന എതു പ്രവർത്തനവും ഗൗരവമായി തന്നെ കണക്കിലെടുക്കുന്നുണ്ട്. |
| (സി) | എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദവിവരം നൽകുമോ? | (സി) | ആരാധനാലയങ്ങളുമായി ബന്ധപ്പെട്ട സ്ഥലങ്ങളിലും മറ്റും പ്രതിലോമ പ്രവർത്തങ്ങൾ ഉണ്ടാകാതിരിക്കാനായി രഹസ്യാന്വേഷണ വിഭാഗം പ്രത്യേകം നിരീക്ഷണം നടത്തി വരുന്നുണ്ട്. ഇത്തരം പ്രവർത്തികൾ ശ്രദ്ധയിൽപ്പെടുന്ന |

പക്ഷം ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്. പൊതു ജനങ്ങൾക്കിടയിൽ മതസൗഹാർദ്ദവും സഹിഷ്ണുതാ മനോഭാവും വളർത്തുന്നതിനായി പോലീസിന്റെ ഭാഗത്തു നിന്നും കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്. ജനമൈത്രി പദ്ധതിയുമായി ബന്ധപ്പെട്ട് നടത്തി വരുന്ന സെമിനാറുകളിലും ക്ലാസ്സുകളിലും മറ്റും വർഗ്ഗീയത ഇല്ലായ്മ ചെയ്യുന്നതിനും മത സൗഹാർദ്ദം വളർത്തുന്നതിനും ആവശ്യമായ ബോധവൽക്കരണ പരിപാടികൾ നടത്തുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**